പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :546 24.01.2018 ലെ മറുപടിക്ക്

## കയർ സഹകരണ സംഘങ്ങൾ വഴിയുള്ള കയർ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർ വാങ്ങിയ വകയിൽ പ്രസ്തുത സംഘങ്ങൾക്ക് കയർഫെഡ് നൽകാനുണ്ടായിരുന്നത് എത്ര തുകയായിരുന്നുവെന്നും പ്രസ്തുത തുക എന്നാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കാമോ; | എ) കയർഫെഡ് അംഗസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന കയറിനും കയറുൽപ്പന്നങ്ങൾക്കും മുൻഗണനാക്രമത്തിൽ വാങ്ങൽ വില നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്. 2017 നവംബർ മാസം വരെ നൽകുവാനുണ്ടായിരുന്ന തുക പൂർണ്ണമായും നൽകി കഴിഞ്ഞു. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിൽ സംഭരിച്ച കയറിന് നൽകേണ്ടുന്ന വാങ്ങൽ വിലയായ 3.11 കോടി രൂപ ഉടൻ വിതരണം ചെയ്യുന്നതാണ്. |
| ബി) കയർ സഹകരണ സംഘങ്ങൾ വഴി കയർ സംഭരിച്ച് കയർ തൊഴിലാളികൾക്കും സംഘങ്ങൾക്കും വരുമാനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കയർഫെഡിന് നിർദ്ദേശം നൽകുമോ? | ബി) അംഗസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡ് പൂർണ്ണമായും സംഭരിച്ച് വിതരണം ചെയ്യുന്നതിനും ആയതിന്റെ വില സംഘങ്ങൾക്ക് നൽകുന്നതിനും കയർഫെഡ് എല്ലാ നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

9